**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **09-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കന്നുകാലി വളർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നവയിൽ കന്നുകാലി വളർത്തൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശയിന്മേൽ അനുകൂല തീരുമാനം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | കന്നുകാലി വളർത്തൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശയിന്മേൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. എന്നാൽ, മുൻഗണനാ വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളുടെ ജീവനോപാധിയായി കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തികൾ പദ്ധതിയ്ക്ക് കീഴിൽ അനുവദനീയമാണ്. ഉദാഹരണമായി കാലിത്തൊഴുത്തുകൾ, ആട്ടിൻകൂട്, പന്നിക്കൂട്, കാലിത്തീറ്റ തൊട്ടികൾ, അസോള കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, വിവിധ തരം കമ്പോസ്റ്റിംഗിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ